**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്കായി 2023-24 അക്കാദമിക വർഷം ആകെ എത്ര തുകയാണ് വേണ്ടത്; അതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 2023-24 വർഷം 642.10 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ഉൾപ്പെടെയാണ് ഇത്. കേന്ദ്രവിഹിതം 284.31 കോടി രൂപയാണ്. പദ്ധതിക്കുള്ള സംസ്ഥാന വിഹിതം 357.79 കോടി രൂപയാണ്. |
| (ബി) | അതിൽ പ്രസ്തുത പദ്ധതിയ്ക്കായി നാളിതുവരെ കേന്ദ്ര വിഹിതം എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും ഇനി എത്ര രൂപ ലഭിയ്ക്കാനുണ്ടെന്നും അറിയിക്കുമോ; ഇതിൽ സംസ്ഥാന വിഹിതം എത്ര രൂപയാണ് അനുവദിക്കേണ്ടിയിരുന്നതെന്നും എത്ര രൂപ അനുവദിച്ചുവെന്നും ഇനി എത്ര രൂപ അനുവദിക്കാൻ ബാക്കിയുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | നടപ്പ് വർഷം പദ്ധതിക്ക് ഇതുവരെ 211.02 കോടി രൂപ കേന്ദ്രവിഹിതമായി ലഭ്യമായിട്ടുണ്ട്. ഇനി ലഭിക്കുവാനുള്ളത് 73.29 കോടി രൂപയാണ്.<br><br>സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടിയിരുന്നത് 102.75 കോടി രൂപയാണ്. ഇത് പൂർണ്ണമായും അനുവദിക്കുകയും അതോടൊപ്പം പദ്ധതിക്കുള്ള അധിക സഹായമായി 112.36 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കുള്ള അധിക സഹായമുൾപ്പടെ നടപ്പ് വർഷത്തെ ചെലവുകൾക്കായി 142.68 കോടി രൂപയാണ് സംസ്ഥാന വിഹിതമായി ഇനി അനുവദിക്കേണ്ടത്. |
| (സി) | പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചതിനുശേഷം സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രം ആവശ്യപ്പെട്ട റിപ്പോർട്ട് സംസ്ഥാനം യഥാസമയം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ കണക്കുകൾ ഉൾപ്പടെ ആവശ്യപ്പെട്ട എല്ലാ റിപ്പോർട്ടുകളും യഥാസമയം സമർപ്പിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയത് 2021-22 വർഷമാണ്. ടി വർഷം, സംസ്ഥാനത്തിന് അർഹതപ്പെട്ട രണ്ടാം ഗഡു കേന്ദ്രവിഹിതം കേന്ദ്രസർക്കാർ അനുവദിച്ചില്ല. രണ്ടാം ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ 2022 ഫെബ്രുവരി 9 ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചുവെങ്കിലും തുക ലഭ്യമായില്ല. പ്രൊപ്പോസലിന്മേൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ആഭ്യന്തര ധനകാര്യ വിഭാഗം (IFD) നിരവധി തടസ്സവാദങ്ങൾ ഉയർത്തുകയും |

| | | | |
|---|---|---|---|
| | | | അതിനൊക്കെ രേഖകൾ സഹിതം കൃത്യമായ മറുപടികൾ യഥാസമയം തന്നെ സംസ്ഥാനം നൽകുകയും ചെയ്തിരുന്നു. കൂടാതെ, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി നേരിട്ട് ഡൽഹി സന്ദർശിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്യുകയും സംസ്ഥാനത്തിന് അർഹതപ്പെട്ട തുക അടിയന്തിരമായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനം ചെലുത്തിയ നിരന്തര സമ്മർദ്ദങ്ങൾക്കൊടുവിൽ 2022-2023 സാമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു ദിവസം മുൻപാണ് (30.3.2023) 2021-22 വർഷത്തെ കുടിശ്ശിക കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭ്യമായത്.<br><br>2022-23 വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം പൂർണ്ണമായും ലഭിക്കുകയുണ്ടായി. മുൻവർഷത്തെ ധനവിനിയോഗപത്രങ്ങൾ ഉൾപ്പടെ വിശദമായ പ്രൊപ്പോസലുകൾ സമർപ്പിച്ചതിന്റെയും പ്രൊപ്പോസലുകളിൻമേൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ആഭ്യന്തര ധനകാര്യ വിഭാഗം (IFD) ഉയർത്തിയ തടസ്സവാദങ്ങൾക്ക് കൃത്യമായ മറുപടികൾ നൽകിയതിന്റെയും അടിസ്ഥാനത്തിലാണ് കേന്ദ്രവിഹിതം പൂർണ്ണമായും ലഭ്യമായത്.<br><br>നടപ്പ് വർഷത്തെ (2023-24) ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 2023 ജൂലൈ നാലിനാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. എന്നാൽ പ്രൊപ്പോസലിന്മേൽ അനാവശ്യ തടസ്സവാദങ്ങൾ ഉയർത്തി തുക അനുവദിക്കുന്നത് വൈകിപ്പിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. കേന്ദ്രസർക്കാരിന്റെ തടസ്സവാദങ്ങൾക്ക് രേഖകൾ സഹിതം മറുപടികൾ നൽകിയതിനെത്തുടർന്ന് ആദ്യ ഗഡു കേന്ദ്ര വിഹിതത്തിന്റെ 50 ശതമാനം 2023 സെപ്റ്റംബർ 22 നും ബാക്കി 50 ശതമാനം തുക നവംബർ 17 നും അനുവദിച്ചു. ആദ്യ ഗഡു കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിക്കുകയും അതിന്റെ വിശദമായ കണക്കുകൾ സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ രണ്ടാം ഗഡു കേന്ദ്രവിഹിതത്തിന്റെ ഒരു ഭാഗം കേന്ദ്രസർക്കാർ റിലീസ് ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ | (ഡി) | കാലതാമസം ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| | കേന്ദ്ര വിഹിതം യഥാസമയം ലഭിയ്ക്കാതിരിക്കുന്നതിന് ഇത് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | അടുത്ത അക്കാദമിക വർഷം പ്രസ്തുത പദ്ധതി കുടിശ്ശികയില്ലാതെ നടപ്പിലാക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | നടപ്പ് വർഷത്തെ കേന്ദ്രവിഹിതം ചെലവഴിച്ചതിന്റെ ധനവിനിയോഗ പത്രങ്ങൾ യഥാസമയം തന്നെ കേന്ദ്രസർക്കാരിന് സമർപ്പിച്ചുകൊണ്ട് 2024-25 വർഷം സ്കൂളുകൾ തുറക്കുന്നതിന് മുൻപായി ആദ്യ ഗഡു കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുകയാണെങ്കിൽ ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് കുടിശ്ശിക വരാതെ സ്കൂളുകൾക്ക് കൃത്യമായി തുക വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ